**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 503** **05-10-2021 - ൽ മറുപടിയ്ക്ക്**

**എൽ.ഇ.ഡി. ബൾബുകൾ വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കുന്ന ഹൈ മാസ്റ്റ്, മിനി മാസ്റ്റ് ലൈറ്റുകളുടെ എൽ.ഇ.ഡി. ബൾബുകൾ വാങ്ങുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (എ) | 02.07.2018 തീയതിയിലെ സർക്കുലർ നം.60/2018/ ധന പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ ഹൈമാസ്ററ്/മിനി മാസ്ററ് ലൈറ്റുകളിലെ എൽ.ഇ.ഡി ബൾബുകൾ വാങ്ങുന്നത് കേന്ദ്ര സർക്കാരിന്റെ GeM(Government e-Market Place) പോർട്ടൽ വഴി ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | ബൾബുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | ബൾബുകൾ ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതുമായി ബന്ധപ്പെട്ട് നടപടികളൊന്നും പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

# ധനകാര്യ (നോഡൽസെൻ്റർ-ബി) വകുപ്പ്

നം: 60/2018/ധന. തിരുവനന്തപുരം, തീയതി : 02/07/2018

## സർക്കുലർ

വിഷയം:- ധനകാര്യ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന:- 1. സ.ഉ(അച്ചടി) നം. 27/2017/ധന തീയതി 26.02.2017

2. ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ (പൊതുമരാമത്ത്) ന്റെ 17/05/2018 ലെ EL3-941 E/2018 നം. കത്ത്.

3. 25.06.2018, 27.06.2018 എന്നീ തീയതികളിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത യോഗങ്ങളുടെ മിനുട്സ്.

നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സൂചന (1) ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. ലൈറ്റുകൾക്കുള്ള അംഗീകൃത സ്പെസിഫിക്കേഷനുകളും നിരക്കുകളും സൂചന (2) പ്രകാരം ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ (പൊതുമരാമത്ത്) നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലായിരിക്കണം പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതെന്ന നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകുകയും ചെയ്തു.

2) എന്നാൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പാലിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് ബഹു. എം.എൽ.എ മാരും അക്രഡിറ്റഡ് ഏജൻസികളും അറിയിച്ചതിനെതുടർന്ന് ബഹു. ധനകാര്യ വകുപ്പ് മന്ത്രി 25.06.2018 ലും 27.06.2018 ലും ബന്ധപ്പെട്ട കക്ഷികളുമായി ഈ വിഷയം ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത യോഗങ്ങളിൽ കൈക്കൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 2017-18 സാമ്പത്തിക വർഷം അനുമതിക്കായി സമർപ്പിച്ചതും എന്നാൽ ഇതുവരെ അനുമതി ലഭിക്കാത്തതുമായ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ (പൊതുമരാമത്ത്) ന് ലഭ്യമാക്കേണ്ടതാണ്. ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ (പൊതുമരാമത്ത്) ആയവ പരിശോധിച്ച് ഒരാഴ്ചക്കകം യോഗ്യമായ കേസുകൾക്ക് അനുമതി നൽകേണ്ടതുമാണ്. ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ (പൊതുമരാമത്ത്) നൽകുന്ന അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കേണ്ടതും അക്രഡിറ്റഡ് ഏജൻസികൾ പ്രവൃത്തികൾ ആരംഭിക്കേണ്ടതുമാണ്. അക്രഡിറ്റഡ് ഏജൻസികൾ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റിലെ ഒരു പ്രധാന ഇനമായ ബൾബുകൾ വാങ്ങുന്നത് കേന്ദ്ര സർക്കാരിന്റെ GeM (Government e-Marketplace) പോർട്ടൽ വഴി ആയിരിക്കണം. അക്രഡിറ്റഡ് ഏജൻസികൾ മുൻഗണന നൽകുന്ന ഏതെങ്കിലും ബ്രാൻഡ് GeM ൽ നിലവിൽ ലഭ്യമല്ല എങ്കിൽ ആയത് GeM ൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

2. മേല്പടി പ്രവൃത്തികളുടെ വാറന്റി കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ലൈറ്റുകളുടെ പരിപാലനത്തിനും അറ്റകുറ്റപണികൾക്കും വേണ്ടി വരുന്ന ചെലവ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കേണ്ടതും ആയതിനായി അക്രഡിറ്റഡ് ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. ഈയിനത്തിൽ അക്രഡിറ്റഡ് ഏജൻസിക്ക് നൽകേണ്ടുന്ന AMC ചാർജ് എസ്റ്റിമേറ്റ് തുകയുടെ 10% ത്തിൽ അധികരിക്കരുത്.

3. ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകളിൽ LED ബൾബുകൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.

4. 2018-19 സാമ്പത്തിക വർഷം മുതൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ഉൾപ്പെടെയുള്ള ഏത് ഫണ്ട് ഉപയോഗിച്ചും ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പൊതു മാനദണ്ഡം കൊണ്ടു വരുന്നതായിരിക്കും. പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റേയും അക്രഡിറ്റഡ് ഏജൻസികളുടേയും നിരക്കുകൾ താരതമ്യം ചെയ്ത് പൊതുവായ ഒരു സ്പെസിഫിക്കേഷൻ/റേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതായിരിക്കും.

**മനോജ് ജോഷി**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. എല്ലാ എം.എൽ.എ.മാർക്കും
2. എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
6. എല്ലാ വകുപ്പ് തലവൻമാർക്കും
7. എല്ലാ ജില്ലാ കളക്ടർമാർക്കും
8. ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ (പൊതുമരാമത്ത്)
9. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
10. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
11. ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
12. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
13. ധനകാര്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
14. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
15. പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഡെപ്യൂട്ടി സെക്രട്ടറി
16. ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ഫിനാൻസ് റിസോഴ്സസ്) ന്റെ സി.എ
17. ട്രഷറി ഡയറക്ടർ
18. നോഡൽ ഓഫീസർ (ഫിനാൻസ്) www.finance.kerala.gov.in
19. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

R. Shalini

**സെക്ഷൻ ഓഫീസർ**